**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4487** **20.10.2011 ൽ മറുപടിയ്ക്ക്**

**'പാരിസ്ഥിതിക കുറ്റകൃത്യങ്ങൾ'**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പരിസ്ഥിതി സംരക്ഷണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം താഴെ പറയുന്ന പരിസ്ഥിതി സംരക്ഷണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.<br>1.ഉടുമ്പൻചോല താലൂക്കിലെ ജൈവവൈവിധ്യ സമ്പുഷ്ട പ്രദേശങ്ങളുടെ സംരക്ഷണം ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാനുള്ള പദ്ധതി.<br>2. വേമ്പനാട് എക്കോ ഡവലപ്മെന്റ് അതോറിറ്റി രൂപീകരണം<br>3. വികസന പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള സംസ്ഥാന അതോറിറ്റിയുടെയും വിദഗ്ദ്ധ സമിതിയുടെയും രൂപീകരണം.<br>4. ശബരിമലയിലെ ഖരമാലിന്യ സംസ്ക്കരണത്തിനായി 2011-12 ലേക്ക് 5 കോടി രൂപയുടെ പദ്ധതി.<br>5. സംസ്ഥാന സമഗ്രമാലിന്യ സംസ്ക്കരണ പദ്ധതിയ്ക്കായി പഞ്ചായത്തുകൾക്ക് 1 കോടി രൂപ നല്കുന്ന പദ്ധതി.<br>6. ശബരിമല-കുട്ടനാട് മേഖലകളുമായി ബന്ധപ്പെട്ട അഞ്ച് നദികളുടെ സമഗ്ര പുനരുജ്ജീവനത്തിനായി ഒരു സംയോജിത പദ്ധതി. |

7. സംസ്ഥാനത്തെ കാർഷിക ആവാസ വ്യവസ്ഥയിൽ രാസകീട നാശിനികളും, രാസവളങ്ങളും ഉണ്ടാക്കിയ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി സമഗ്ര പഠനം.

8. ഇടുക്കി ജില്ലയിലെ ഏലമല റിസർവ്വുകളിലും കണ്ണൻദേവൻ മലകളിലെ തോട്ടങ്ങളിലും വൻതോ തിൽ കീടനാശിനികളും, മറ്റ് രാസ വസ്തുക്കളും പ്രയോഗിക്കുന്നതു മൂലം സംജാതമാകുന്ന പാരിസ്ഥി തിക ശോഷണം സംബന്ധിച്ച പഠനം.

9. ശബരിമലയിലും പ്രധാന തീർത്ഥാടന താവളങ്ങളിലും പ്ലാസ്റ്റിക് നിരോധനം.

10. മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു വർഷം നീണ്ടു നില്ക്കുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണത്തിന് നവീന സാങ്കേതിക വിദ്യ ലഭ്യമാക്കാൻ വിദഗ്ദ്ധ സമിതി രൂപീകരണവും നടത്തിയിട്ടുണ്ട്.

(ബി) പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന എന്തെല്ലാം കാര്യങ്ങളാണ് കുറ്റകൃത്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 2002 ലെ ജൈവവൈവിധ്യ ആക്റ്റും 2004 ലെ ജൈവവൈവിധ്യ ചട്ടങ്ങളും അനുസരിച്ച് ബന്ധപ്പെട്ട അധികാരികളുടെ സമ്മതം കൂടാതെയോ, ജൈവ വൈവിധ്യ അതോറിറ്റിയുടെ അനുമതിയില്ലാതെയോ ഏതെങ്കിലും പ്രദേശത്തെ ജൈവവൈവിധ്യം വ്യാവസായികാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുന്നതും, ഗവേഷണ ആവശ്യങ്ങൾക്കുൾപ്പെടെ പരമ്പരാഗത അറിവുകളും, ജൈവവസ്തുക്കളും പുറം രാജ്യങ്ങ

സംരക്ഷണ ആക്റ്റിലും അനുബന്ധ ചട്ടങ്ങളിലും വിജ്ഞാപനങ്ങളിലും ജലം, വായു, ഭൂമി, വനം, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളിലും അനുശാസിയ്ക്കുന്ന വ്യവസ്ഥകളുടെ ലംഘനം കുറ്റകരമായി കണക്കാക്കപ്പെടുന്നതാണ്.

നിലവിലുള്ള വനനിയമങ്ങൾ, മുനിസിപ്പാലിറ്റി/ പഞ്ചായത്ത് നിയമങ്ങൾ, നദീതട മണൽഖനന നിയന്ത്രണ നിയമം,ഫാക്ടറീസ് നിയമം, ഭൂസംരക്ഷണ നിയമം, ജലസേചനവും ജലസംരക്ഷണവും നിയമം, ഭൂജല (നിയന്ത്രണവും ക്രമീകരണവും) നിയമം, നെല്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷണ നിയമം, മുതലായ നിയമങ്ങളിലെ പ്രസക്ത വ്യവസ്ഥകളുടെ ലംഘനവും പരിസ്ഥിതിക്കു കോട്ടം വരുത്തുന്ന കുറ്റകൃത്യങ്ങളാകുന്നതാണ്.

(സി) അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ശിക്ഷിക്കുന്നതിന് പര്യാപ്തമായ നിയമവ്യവസ്ഥകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ നിയമ നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോ ?

(സി) & (ഡി) ഉണ്ട്. അതാത് മേഖലകളിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾക്ക് നിലവിലുള്ള നിയമങ്ങളിലും അനുബന്ധ കേന്ദ്ര സർക്കാർ വിജ്ഞാപനങ്ങളിലും പര്യാപ്തമായ ശിക്ഷാ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെയോ, അതു പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക വിജ്ഞാപനങ്ങളിലെയോ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ഒരു ലക്ഷം രൂപ വരെ

പിഴയും അഞ്ചു വർഷം വരെ തടവും ശിക്ഷ നിശ്ചയിച്ചിട്ടുണ്ട്. ശിക്ഷ അപര്യാപ്തമാണ് എന്ന കാരണത്താൽ പരിസ്ഥിതി സംരക്ഷണത്തിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമില്ല.

സെക്ഷൻ ഓഫീസർ